"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -ഒറീസ്സയിലെ ഭുവനേശ്വർ എസ്.ഐ.ആർ.ഡിയിലേയ്ക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും നടത്തിയ പഠനയാത്രക്ക് മുൻകാല അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഎം)വകുപ്പ്**

G.O.(Rt)No.579/2019/LSGD തീയതി,തിരുവനന്തപുരം, 08/03/2019

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20/12/2018 തിയതിയിലെ ജി.പി.5051/18നമ്പർ കത്ത്.

2 ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24/01/2019 തിയതിയിലെ ജി.പി.5051/17 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പഞ്ചായത്തീരാജ് സംവിധാനം, നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ, ഖരമാലിന്യ സംസ്കരണ സംവിധാനം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി പൂനയിലെ സർക്കാർ സ്ഥാപനമായ യഷാദയിലേക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും പഠനയാത്രക്ക് അനുമതി നൽകണമെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. 26/02/2019 മുതൽ 04/03/2019 വരെ ഒറീസ്സയിലെ ഭുവനേശ്വർ എസ്.ഐ.ആർ.ഡിയിലേയ്ക്കാണ് പഠനയാത്ര എന്നും രണ്ടാം ക്ലാസ്സ് എ.സി. ട്രെയിൻ യാത്രാബത്തയും ഭക്ഷണ ചെലവിന് 1000/- രൂപയും കില അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ട്രെയിനിൽ യാത്ര ചെയ്താൽ വളരെയധികം ദിവസം നഷ്ടമാകുന്നതിനാൽ വിമാനയാത്രക്ക് അനുമതി നൽകണമെന്നും വിമാനടിക്കറ്റിനായി അധികം വരുന്ന തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും എല്ലാ ജില്ലാ പഞ്ചായത്തംഗങ്ങൾക്കും ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്കും യാത്രാനുമതി ലഭ്യമാക്കണമെന്നും പരാമർശം 2 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ജില്ലാപഞ്ചായത്ത് സെക്രട്ടറി,

ജൂനിയർ സൂപ്രണ്ട്,ജില്ലാ പഞ്ചായത്ത്.

ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ,

ജില്ലാ കോ-ഓർഡിനേറ്റർ,ഹരിത കേരള മിഷൻ,
എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും ഒറീസ്സയിലെ ഭുവനേശ്വർ എസ്.എെ.ആർ.ഡിയിലേയ്ക്ക് നടത്തിയ പഠനയാത്രയ്ക്ക് മുൻകാല അനുമതി നൽകുന്നു.
ii. പഠനയാത്രയിൽ പങ്കെടുത്ത പഞ്ചായത്തംഗങ്ങൾക്ക് വിമാനടിക്കറ്റിന് കില അനുവദിയ്ക്കുന്ന ട്രെയിൻ ബത്തയിൽ അധികരിയ്ക്കുന്ന തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിന് അനുമതി നല്കുന്നു.
iii. പഠനയാത്രയിൽ പങ്കെടുത്ത ജീവനക്കാർക്ക് നിലവിലുള്ള ഉത്തരവുകൾ പ്രകാരം അർഹമായ യാത്രാബത്ത അനുവദിക്കുന്നതിന് അനുമതി നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J BEENAMOL
DEPUTY SECRETARY

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
സെക്രട്ടറി , ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) , തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ,( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ